"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - അക്കാദമികം - സ്വകാര്യ സ്വാശ്രയ നഴ്സിംഗ് കോളേജുകളിലെ 2024-25 അദ്ധ്യയന വർഷ ബി.എസ്.സി നഴ്സിംഗ് കോഴ്സ് പ്രവേശനം - നഴ്സിംഗ് കോളേജുകളുടെ പുതുക്കിയ സീറ്റ് മാട്രിക്സ് പട്ടിക അംഗീകരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്

സ.ഉ.(കൈ) നം.354/2024/H&FWD തീയതി,തിരുവനന്തപുരം, 21-11-2024

---

പരാമർശം:-
1. സ.ഉ.(കൈ) നം.90/2024/ആ.കു.വ തീയതി 14.05.2024.
2. സ.ഉ.(കൈ) നം.192/2024/ആ.കു.വ തീയതി 09.08.2024.
3. സ.ഉ.(കൈ) നം.207/2024/ആ.കു.വ തീയതി 23.08.2024.
4. സ.ഉ.(കൈ) നം.221/2024/ആ.കു.വ തീയതി 09.09.2024.
5. സ.ഉ.(സാധാ) നം.2608/2024/ആ.കു.വ തീയതി 01.11.2024.
6. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 08.11.2024, 13.11.2024 തീയതികളിലെ ബി.6/1731/2024/മെ.വി.വ നമ്പർ കത്ത്.

<u>ഉത്തരവ്</u>

പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം യഥാക്രമം 2024-25 അദ്ധ്യയന വർഷ ബി.എസ്.സി നഴ്സിംഗ് കോഴ്സ് പ്രവേശനവുമായി ബന്ധപ്പെട്ട പ്രോസ്പെക്ടസും ബി.എസ്.സി നഴ്സിംഗ് കോളേജുകളുടെ സീറ്റ് മാട്രിക്സ് പട്ടികയും സർക്കാർ അംഗീകരിച്ചിരുന്നു. പരാമർശം (4) ഉത്തരവ് പ്രകാരം പെരിന്തൽ മണ്ണ അൽ ഷിഫ നഴ്സിംഗ് കോളേജിന് 75 സീറ്റുകൾക്കും കോലഞ്ചേരി മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് നഴ്സിംഗ് കോളേജിന് 70 സീറ്റുകൾക്കും സർക്കാർ പ്രവേശനാനുമതി നൽകിയിരുന്നു.

2. പെരിന്തൽമണ്ണ അൽ ഷിഫ കോളേജിന് 3.12.2022- ലെ സർക്കാർ ഉത്തരവ് പ്രകാരം സീറ്റുകളുടെ എണ്ണം 75- ൽ നിന്നും 100 ആയി വർദ്ധിപ്പിച്ചിരുന്നു. കോലഞ്ചേരി മലങ്കര ഓർത്തഡോക്സ് കോളേജിലെ സീറ്റുകളുടെ എണ്ണം 70- ൽ നിന്നും 90 ആയി 25.10.2023-ലെ സർക്കാർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചിരുന്നു. പ്രസ്തുത കോളേജുകൾക്ക് ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ അംഗീകാരം (അൽ ഷിഫ - 90, മലങ്കര ഓർത്തഡോക്സ് കോളേജ് - 90) ലഭ്യമായതായി ആരോഗ്യ സർവ്വകലാശാലയും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറും അറിയിച്ചിട്ടുണ്ട്. മലങ്കര ഓർത്തഡോക്സ് കോളേജിന് KNMC അംഗീകാരം നൽകിയിരിക്കുന്നത് 85 സീറ്റുകളിലേക്കാണ്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പെരിന്തൽമണ്ണ

അൽ ഷിഫ നഴ്സിംഗ് കോളേജിലെ ബി.എസ്.സി നഴ്സിംഗ് സീറ്റുകളുടെ എണ്ണം 75 ൽ നിന്നും 90 ആയും കോലഞ്ചേരി മലങ്കര ഓർത്തഡോക്സ് നഴ്സിംഗ് കോളേജിലെ ബി.എസ്.സി നഴ്സിംഗ് സീറ്റുകളുടെ എണ്ണം 70 ൽ നിന്നും 85 ആയും പുനഃക്രമീകരിച്ച് ഉത്തരവാകുന്നു. ടി കോളേജുകളിലെ സർക്കാർ മെരിറ്റ് സീറ്റുകളുടെ എണ്ണം യഥാക്രമം 45 ഉം 43 ഉം ആണ്. വർദ്ധിപ്പിച്ച സീറ്റുകളിലെ സർക്കാർ മെരിറ്റ് സീറ്റുകളിലേയ്ക്കുള്ള അലോട്ട്മെന്റ് പരാമർശം (5) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി നടത്തുന്നതിന് എൽ.ബി.എസ് ഡയറക്ടർക്ക് അനുമതി നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ, നഴ്സിംഗ് വിദ്യാഭ്യാസം, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല, തൃശ്ശൂർ.
രജിസ്ട്രാർ, കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ, തിരുവനന്തപുരം.
എസ്.സി/എസ്.ടി വകുപ്പ്.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 21-11-2024 11:52:02
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.